കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- ഭാരത് സേവക് സമാജ് നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈനിങ് കോഴ്സ് സീയിങ്ങ്/ക്രാഫ്റ്റ് ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ. (കൈ) നം.83/2020/പൊവിവ

തീയതി, തിരുവനന്തപുരം, 25/02/2020

---

പരാമർശം:- എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 07-11-2019-ലെ പ്രോഗ്രാം1/322/16/ എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഭാരത് സേവക് സമാജ് നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈനിങ് കോഴ്സ് സീയിങ്ങ്/ക്രാഫ്റ്റ് ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി നിശ്ചയിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് സർക്കാരിൽ നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, ഭാരത് സേവക് സമാജ് നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈനിങ് കോഴ്സ്, സീയിങ്ങ്/ക്രാഫ്റ്റ് ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി നിശ്ചയിച്ച് ഉത്തരവാകുന്നു.

3). ഇതു സംബന്ധിച്ച് കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**
**സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ. എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ